# Sweeping up the heart

## *ഹൃദയത്തിന്റെ അടിച്ചുവാരൽ (മത്താ : 5:8)*




---

അടിച്ചുവാരുക എന്ന ക്രീയ ആദ്യം നടക്കേണ്ടത് ഹൃദയത്തിലാണ്. ഹൃദയത്തിലെ മലിനതകളാണ് നിഗളം അഹങ്കാരം, കോപം മുതലായവ. തന്നത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും. ഏത് ഉയർച്ചയിലും ദൈവകരങ്ങളിൽ താണിരിക്കുന്നവർക്കേ അനുഗ്രഹം ഉണ്ടാകുന്നുള്ളു,

ജർമ്മനിയിൽ സ്വേച്ഛാധിപതിയായി വാണഹിറ്റ്ലർ നാസ്സിപ്പടയുടെ തലവനായിരുന്നു. ലോകമെല്ലാം അടക്കിവാഴുവാനുള്ള ഇച്ഛസാത്താൻ അയാളുടെ ഹൃദയത്തിൽ വിതച്ചു, യഹൂദന്മാരോടുള്ള വിദ്വേഷം അയാളിൽ കത്തിപ്പടർന്നു, സ്വയം അഹംഭാവിയായി മാറിയ അയാൾ ഒരാഴ്ചക്കകം ബക്കിംഗാം കൊട്ടാരത്തിൽ വച്ച് dinner കഴിക്കുമെന്ന് പറഞ്ഞു. ആവീമ്പിളക്കൽ നടപ്പായില്ല എന്ന് മാത്രമല്ല സ്വയം വെടിവച്ച് മരിക്കേണ്ട അവസ്ഥയും വന്നു ചേർന്നു, തങ്ങളെത്തന്നെ ഉയർത്തിയവർ ആരും ഉയർന്നിട്ടില്ല. മറിച്ച് താഴ്ചക്കു വേണ്ട കുഴികൾ സ്വയം തോണ്ടുകയാണ് ചെയ്യുന്നത്. ദൈവം നമ്മെ ഭാഗ്യാവസ്ഥയിലേക്ക് നടത്തണമെങ്കിൽ ഹൃദയത്തെ അടിച്ചുവാരി വൃത്തിയാക്കണം. അതിനായി ദൈവകരങ്ങളിൽഏല്പിക്കുകയാണ് വേണ്ടത്

## Seven Spirtual Spring Cleansing Steps

1,***ആത്മീയ ആരോഗ്യം*** - ഇത് നിലനിർത്തുവൻ നമ്മെ സഹായിക്കുന്ന പ്രധാനഘടകമാണ് ദൈവ വചനം, ദൈവത്തോട് ചേർന്നിരുന്ന് വചനം ഹൃദിസ്തമാക്കുക. നമു

ക്കുതന്നെ നമ്മുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന പാപങ്ങളെ നീക്കുവാൻ കഴിയുക യില്ല. Look സങ്കീ:(51:10).

അതിനാലാണ് ആത്മീയ ആരോഗ്യമുള്ള പുതു ഹൃദയം സൃഷ്ടിച്ചു നൽകുവാൻ ദാവീദ് ദൈവത്തോടാവശ്യപ്പെടുന്നത്, പാപത്തിൽ തകർന്നടഞ്ഞ പാത്രത്തെ പുതിയ സൃഷ്ടിയാക്കുവാൻ കുശവനുമാത്രമേ കഴിയുകയുള്ളു,

***2,ഹൃദയം ശുദ്ധിയുള്ളതാകണമെങ്കിൽ അധരം (അകവും പുറവും) വെടിപ്പാക്കണം***

ശുദ്ധിയുള്ള ഹൃദയത്തിൽ നിന്ന് നിരാശയുടെ വാക്കുകളോ, അശുദ്ധവാക്കുകളോ പുറപ്പെടുകയില്ല.വായ് ശുദ്ധമാക്കുന്നത് അശുദ്ധവാക്കുക്കുകളോ, gossip കളോ പറ യാതെ നാം സൂക്ഷിക്കുമ്പോഴാണ്. വായക്ക് കടിഞ്ഞാണിട്ട് അധരദ്വാരത്തെകാക്കേ ണമേ എന്ന് പ്രാർത്ഥിക്കുന്നത് ഈ ശുദ്ധീകരണത്തിനാണ്,

വെടിപ്പാക്കും മുൻപുതന്നെ മലിനതയെക്കുറിച്ച് ബോദ്ധ്യം ഉണ്ടായിരിക്കണം. read-ലൂക്കോ :(6:45), ഫിലി : (2:14)

***3, മനസ്സ് പുതുക്കുക.***

**This is one of biggest area of struggle for most of us.**

കാരണം പുറത്തേക്ക് നാം അടിച്ചുവാരിക്കളയുന്നതിന്റെ അത്രയും തന്നെ മലിനത നമ്മുടെ ഉള്ളിൽ ഇരച്ചു കയറുന്നു.

അന്ത്യകാലത്തെ മലിനതകൾ അത്രയക്ക് ഭയാനകമായതാണ്. നമ്മുടെ മനസ്സിലേക്ക് ശക്തിയായി വചനം നിറച്ച് പരിഹാരം കാണുവാൻ

പരിശുദ്ധാത്മാവിന്റെ സഹായം നമുക്കാവശ്യമാണ്

Read - റോമ : (12:2), 2 കൊരി : (10 :5)

***4, മറഞ്ഞിരിക്കുന്ന പാപങ്ങൾ നീക്കുക.***

പാപങ്ങൾ മറച്ചുവച്ചാൽ ജീവിതം തന്നെ തകരുന്നു, തുറന്ന പറയുവാൻ പറ്റിയ വിശ്വ സ്തരോട് പങ്കുവയക്കുക. സങ്കീ : (32:(3-5),(1-5)

***5, അനീതിയും അധർമ്മവും ക്ഷമിക്കുക***

മറ്റുള്ളവർ നമ്മോടുചെയ്ത സകല അനീതിയുംഅധർമ്മവുംക്ഷമിക്കുവാൻ കഴിഞ്ഞാൽപക ഹൃദയത്തിൽ നിന്ന് മാറുകയും, സമാധാനം ലഭീക്കുകയു ചെയ്യു ന്നു.

Read എബ്രാ:(12:1) എഫേ: (4:31,32)

***6, യേശുവുമായുള്ള ബന്ധം ദിനം തോറും പുതുക്കണം.***

നാമുമായുള്ള ബന്ധവും സഖിത്ത്വവുമാണ് യേശു ആഗ്രഹിക്കുന്നത്. നമ്മുടെ ഹൃദയത്തിന്റെ വാതിൽ തുറന്നു കൊടുത്താൽ ക്രിസ്തുവാകുന്ന വെളിച്ചം അകത്തു കടന്ന് നാം പ്രകാശിതരാകുകയും ചെയ്യുന്നു.

Read 1 കൊരി (1:9), സങ്കീ (56:13)

7. ജീവിതത്തെ സന്തോഷത്തോടെ കാണുക.

മനുഷ്യർ ഒന്നുകിൽ ജീവിതത്തെ അല്ലെങ്കിൽ അവരവരെത്തന്നെ ഗൗരവമായി

വീക്ഷിക്കുകയും അതിന്റെ മുൻപിൽ ഭയത്തോടെ നില്ക്കുന്നവരുമാണ് കർത്താവിൽ എപ്പോഴും സന്തോഷിപ്പീൻ എന്ന വചനം അനുസരിച്ചാൽ സന്തോഷവും സമാധാനവും ലഭിക്കുന്നു. കർത്താവിനെ മാറ്റി നിർത്തി സന്തോഷിച്ചാൽ അതു താല്ക്കാലികമാണ്

look സങ്കീ : (126:2), (28:7)

ഹൃദയം ശുദ്ധീകരിച്ചവർ സ്തുതിയുടെ ശബ്ദം ഉയർത്തുന്നവരാണ്. യഹോവയുടെ സ്തുതി എപ്പോഴും അവരുടെ നാവിന്മേലുണ്ടായിരിക്കും അതു തുടരുകയും ചെയ്യും എന്ന് വെളി: (5:11-13) വരെയുള്ള ഭാഗത്ത് കാണുന്നു. പ്രീയമുള്ളവരേ ! നമ്മുടെ കൂട്ടായ്മ പിതാവാം ദൈവത്തോടും, അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുമ്പോഴാണ് നമ്മുടെ സന്തോഷം പൂർണ്ണമാകുന്നത്. ശുദ്ധീകരണം പ്രാപിച്ച് ആ കൂട്ടായ്മ കാത്തുസൂക്ഷിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg